ശ്രീ. ജോസ് തെറ്റയിൽ : ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് കൊടുക്കുകയുള്ളു.

ശ്രീ. വി. ശിവൻകുട്ടി : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കി ; അതിൽ എത്ര ബസ്സുകൾ നമ്മുടെ ബോഡി ബിൽഡിംഗ് സെന്ററിൽ നിർമ്മാണ പ്രവർത്തനം നടത്തി ?

ശ്രീ. ജോസ് തെറ്റയിൽ : നാളിതുവരെ 2196 ബസ്സുകൾ കോർപ്പറേഷന്റെ വിവിധ വർക്ക്ഷോപ്പുകളിലായി നിരത്തിലിറക്കിയിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡപകടങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ നടപടി

5 (*395) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് വളരെയേറെ സാധ്യതയുള്ള മേഖലകളെ സംബന്ധിക്കുന്ന ഒരു പഠന റിപ്പോർട്ട് സർക്കാരിന്റെ പക്കലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകട മേഖലയിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) അപകട സാധ്യതയുണ്ടെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തിയോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ കർശനമായി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ-ഡി) അത്തരത്തിൽ ഒരു പഠനറിപ്പോർട്ട് ഇല്ല. എന്നാൽ പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ അന്വേഷണത്തിൽ സംസ്ഥാനത്തെ 896 അപകട സാധ്യതാ മേഖലകളും (ആക്സിഡന്റ് പ്രോൺ ഏരിയ) 217-അതീവ അപകട സാധ്യതാ മേഖലകളും (black spots) കണ്ടെത്തിയിട്ടുണ്ട്. അതീവ അപകട സാധ്യതാ മേഖലകളിൽ 149 മേഖലകളിൽ ഹോംഗാർഡിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഓരോ മേഖലയിലും അപകട കാരണങ്ങൾ കണ്ടെത്തി അവ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായിച്ചേർന്ന് റോഡ് സേഫ്റ്റി അതോറിറ്റി ഏകോപിപ്പിച്ചുവരുന്നു.

റവന്യൂ ഭരണം ശക്തവും സുതാര്യവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

6 (*396) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഭരണം ശക്തവും സുതാര്യവുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ വിവിധ റവന്യൂ ആഫീസുകൾ തമ്മിലുള്ള വിവര കൈമാറ്റം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) വില്ലേജ് തലത്തിൽ രൂപീകരിച്ച ജനകീയസഭയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ഡി) ഉദ്യോഗസ്ഥതല അഴിമതി തടയുന്നതിന് വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ,

(എ) വില്ലേജ് തലത്തിൽ ജനകീയസമിതികൾ രൂപീകരിച്ചു. ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ ദീർഘകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ആഫീസുകളിൽ ഇൻഫർമേഷൻ കൗണ്ടർ തുറക്കുകയും ഭൂരിപക്ഷം കളക്ടറേറ്റുകളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് വേഗതയോടെ ഫയലുകൾ കൈകാര്യം ചെയ്യുന്ന സംവിധാനമായ ഡി. സി. സ്യൂട്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കളക്ടറേറ്റുകളിൽ ഡി. സി. സ്യൂട്ട് നടപ്പിൽ വരുത്തുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. താലൂക്കതല വികസന സമിതികൾ രൂപീകരിച്ച് പ്രവൃത്തിപഥത്തിലെത്തിച്ചിട്ടുണ്ട്. വകുപ്പിലെ അഴിമതി തടയാനായി മൂന്ന് മേഖലാ വിജിലൻസ് വിഭാഗങ്ങൾ രൂപീകരിച്ചു. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ താലൂക്കുകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. കളക്ടറേറ്റുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. റവന്യൂ-സർവ്വേ ജീവനക്കാർക്ക് പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു. ടോൾ ഫ്രീ കാൾ സെന്റർ ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിൽ സ്ഥാപിച്ചു. റവന്യൂ വകുപ്പിലെ സർവ്വേ വിഭാഗവും ഭൂരേഖാ പരിപാലനവും ശക്തിപ്പെടുത്തി ഭൂമി സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കാൻ താലൂക്കാഫീസുകളിലേക്ക് കൂടുതൽ സർവ്വേയർമാരെ മാറ്റി നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly